"ഭരണഭാഷ-മാതൃഭാഷ"

No. DWCD/6004/2023-ICDSA8

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 23-09-2024
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും,
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും,

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ് - ഐസിഡിഎസ് - അങ്കണവാടി കെട്ടിട നിർമ്മാണം - എം.എൽ.എ ഫണ്ട് വിനിയോഗിക്കുന്നത് - പ്രത്യേകാനുമതി ലഭ്യമായത് - സംബന്ധിച്ച്:-

സൂചന:- സ.ഉ(അച്ചടി) നം.72/2024/ധന തിയതി : 21.08.2024

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി വകുപ്പ് ഫണ്ടും, എം.എൽ.എ ഫണ്ടും, തദ്ദേശ സ്വയംഭരണ സ്ഥാപന ഫണ്ടും സംയുക്തമായി വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് G.O.(P) No.119/2018/Fin dtd : 04.08.2018 ലെ ഉത്തരവിൽ ഇളവ് വരുത്തി പ്രത്യേകാനുമതി നൽകി സൂചന പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

Sende

For വനിത ശിശുവികസന ഡയറക്ടർ

'ഭരണഭാഷ മാതൃഭാഷ'

29 AUG 2024

Azadi Ka Amrit Mahotsav

**കേരള സർക്കാർ**

**സംഗ്രഹം**

**ധനകാര്യ വകുപ്പ് - ഐ.സി.ഡി.എസ് - അങ്കണവാടി കെട്ടിട നിർമ്മാണം - വകുപ്പ് ഫണ്ടും എം.എൽ.എ ഫണ്ടും, തദ്ദേശ സ്വയംഭരണ സ്ഥാപന ഫണ്ടും സംയുക്തമായി വിനിയോഗിക്കുന്നതിനുള്ള പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.72/2024/ധന** **തീയതി,തിരുവനന്തപുരം, 21/08/2024**

---

**പരാമർശം:** 1. 04/08/2018 തീയതിയിലെ സ.ഉ(അച്ചടി) നം.119/2018/ധനം സർക്കാർ ഉത്തരവ്

2. 20/11/2023 തീയതിയിലെ വനിതാശിശു വികസന ഡയറക്ടറുടെ കത്ത് നം.DWCD/6004/2023-ICDSA8

**ഉത്തരവ്**

അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതികൾ പ്രകാരം കെട്ടിടം നിർമ്മിക്കുമ്പോൾ വകുപ്പ് വിഹിതത്തിന് പുറമേയുള്ള LSGD വിഹിതം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കണ്ടെത്തുവാൻ സാധിക്കാത്ത സാഹചര്യത്തിൽ LSGD വിഹിതം പൂർണ്ണമായും എം.എൽ.എ ഫണ്ടായോ, അല്ലാത്തപക്ഷം എം.എൽ.എ ഫണ്ടും LSGD ഫണ്ടും സംയുക്തമായോ കണ്ടെത്തുന്നതിനും ഇപ്രകാരം അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി വകുപ്പ് ഫണ്ടും, എം.എൽ.എ ഫണ്ടും, തദ്ദേശ സ്വയംഭരണ സ്ഥാപന ഫണ്ടും സംയുക്തമായി വിനിയോഗിക്കുന്നതിനുള്ള പ്രത്യേകാനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം വനിതാശിശു വികസന ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി വകുപ്പ് ഫണ്ടും, എം.എൽ.എ ഫണ്ടും, തദ്ദേശ സ്വയംഭരണ സ്ഥാപന ഫണ്ടും സംയുക്തമായി വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി പുറപ്പെടുവിക്കുന്നതിനു പരാമർശം (1) ഉത്തരവിൽ ഇളവ് വരുത്തി പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഇന്ദു.ജി**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II) കേരള, തിരുവനന്തപുരം.
3. വനിതാശിശു വികസന ഡയറക്ടർ, പൂജപ്പുര, തിരുവനന്തപുരം
4. വനിതാശിശു വികസന വകുപ്പ് ( E-FILE No. 2619052/WCD-B1/359/2023-WCD)
5. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി [2625139 /WCD-1/365/2023-FIN)

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**